# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 862 10.06.2019-ൽ മറുപടിക്ക്**

**ശരീഅത്ത് ആപ്ലിക്കേഷൻ ആക്റ്റ്**

**ചോദ്യം**

ശ്രീ. പി.ടി.എ.റഹിം

**ഉത്തരം**

ശ്രീ. എ. കെ. ബാലൻ
(പട്ടിക ജാതി, പട്ടിക വർഗ്ഗ,
പിന്നാക്ക സമുദായ ക്ഷേമവും,
നിയമവും, സാംസ്കാരികവും,
പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | |
|---|---|
| എ. 1937-ലെ ശരീഅത്ത് ആപ്ലിക്കേഷൻ ആക്റ്റിനു കീഴിൽ ചട്ടങ്ങൾ ഇപ്പോൾ പുറപ്പെടുവിക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ; | മറ്റ് മതങ്ങളിൽ നിന്ന് ഇസ്ലാം മതത്തിലേയ്ക്ക് പരിവർത്തനം ചെയ്ത വ്യക്തികളെ തങ്ങളുടെ ആഗ്രഹത്തിന് വിരുദ്ധമായി ഇസ്ലാമിക ആചാര വിധിപ്രകാരം അല്ലാതെ അടക്കം ചെയ്ത സ്ഥിതി വിശേഷം ഉണ്ടായതിനെ തുടർന്ന് രണ്ട് വ്യക്തികൾ നം.6403/2018, 33912/2018 എന്നീ റിട്ട് ഹർജികളിലൂടെ 1937 ലെ The Muslim Personal Law (Shariat) Application Act (1937 ലെ 26-ാം നമ്പർ കേന്ദ്ര ആക്റ്റ്) ന് കീഴിൽ ചട്ടങ്ങൾ പുറപ്പെടുവിക്കാൻ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചിരുന്നു. 1937 ലെ ടി ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരമുള്ള ഡിക്ലറേഷൻ ഫയൽ ചെയ്യുന്ന ആവശ്യത്തിലേയ്ക്ക് പ്രസ്തുത ആക്റ്റിനു |

| | |
|---|---|
| | കീഴിൽ ചട്ടങ്ങൾ പുറപ്പെടുവിയ്ക്കുവാൻ സംസ്ഥാന സർക്കാരിന് ബഹു.ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു. ഇതിനു പുറമേ, ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് 33912/2018-ാം നമ്പർ എന്ന റിട്ട് ഹർജിയും ഫയൽ ചെയ്യപ്പെട്ടിരുന്നു. ടി റിട്ട് 6403/2018 കേസിൽ അഡ്മിഷൻ സ്റ്റേജിൽ തന്നെ ബഹു.കോടതി വിധി പ്രസ്താവിയ്ക്കുകയും, തുടർന്ന് പ്രസ്തുത വിധി നടപ്പിലാക്കിയില്ല എന്ന് ആരോപിച്ചുകൊണ്ട് പരാതിക്കാരൻ ചീഫ് സെക്രട്ടറിയ്ക്കെതിരെ കോടതി അലക്ഷ്യ നടപടി ആരംഭിയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ ബഹു.കോടതിയുടെ നിർദ്ദേശം പാലിച്ചുകൊണ്ട് എസ്. ആർ.ഒ. 920/2018 നമ്പറായി സംസ്ഥാന സർക്കാർ ടി ആക്റ്റിനു കീഴിൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. |
| ബി. ചട്ടം നിലവിൽ വന്നതുകൊണ്ട് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായതായി ഏതെങ്കിലും വ്യക്തികൾ പരാതി ഉന്നയിച്ചിട്ടുണ്ടോ; | പരാതികളും നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്. |
| സി. ചട്ടങ്ങളെ സംബന്ധിച്ച് തെറ്റിദ്ധാരണകൾ പരക്കുന്നത് ഒഴിവാക്കാനാവശ്യമായ വിശദീകരണം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് | ഈ ചട്ടം വിജ്ഞാപനം ചെയ്തശേഷം എല്ലാ മുസ്ലീങ്ങളും ഡിക്ലറേഷൻ ഫയൽ ചെയ്യേണ്ടിവരും എന്ന തെറ്റിദ്ധാരണ ഉണ്ടാകുകയും അത് മാധ്യമങ്ങളിൽ |

| | |
|---|---|
| സ്വീകരിച്ചിരിക്കുന്നത് ; | പ്രാധാന്യത്തോടെ പ്രസിദ്ധീകരിയ്ക്കുകയും ചെയ്തതിനെ തുടർന്ന് പൊതുജനങ്ങൾക്ക് ഉണ്ടായ ഇത്തരം സംശയം ദൂരീകരിയ്ക്കണം എന്ന ആവശ്യം സർക്കാരിന്റെ മുന്നിൽ വരികയും അത് സർക്കാർ പരിശോധിച്ച് സംശയത്തിന് ഇടയില്ലാത്ത തരത്തിൽ 29/01/2019-ാം തീയതി 22577/ഒപ്പീനിയൻ-ഇ 2/2018/ നിയമം നമ്പറായി ഒരു സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തു. |
| ഡി. സമസ്തകേരളം ജംഇയ്യത്തുൽ ഉലമ ഇത് സംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | 29.01.2019-ാം തീയതി സമസ്തകേരള ജംഇയ്യത്തുൽ ഉലമ സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിക്കുകയും ചട്ടം 3-ലെ വ്യവസ്ഥ എല്ലാ മുസ്ലീങ്ങൾക്കും ബാധകമായതോ, എല്ലാ മുസ്ലീങ്ങളും ഡിക്ലറേഷൻ നൽകണം എന്ന് നിഷ്കർഷിക്കുന്നതോ അല്ലാത്തതിനാൽ ടി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതാണ്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ആഫീസർ.